# എസ്.എ.എൽ.പി.എസ്

## മണത്തല

# അക്കാദമിക മാസ്റ്റർ പ്ലാൻ

# S.A.L.P.S MANATHALA

## PROFILE

| | | |
|---|---|---|
| Name of School | : | S.A.L.P.S MANATHALA |
| Gov/Aided | : | Aided |
| AEO Office | : | Chavakkad |
| BRC | : | Chavakkad |
| Name of Municipality | : | Chavakkad |
| Name of Revenue Village/ Ward | : | Manathala XXV |
| Name of District | : | Thrissur |
| Name of HM | : | Sherin.RV<br>(Mob: 9746930880) |
| Name of Manager | : | Sasidharan.PK<br>(Mob: 6282134010) |
| School Address | : | S.A.L.P.S MANATHALA<br>BABY ROAD, CHAVAKKAD<br>680 506 (PIN) |

വിദ്യാലയ ചരിത്രം

ചാവക്കാട് നിന്നും രണ്ട് കി. മീ മാറി അറബിക്കടലിന് സമീപം മണത്തല ബേബി റോഡിലാണ് വിദ്യാഭ്യാസ സാംസ്കാരിക മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച സരസ്വതി എൽപി സ്കൂൾ എന്ന വിദ്യാലയം സ്ഥിതിചെയ്യുന്നത്. ചാവക്കാട് പ്രദേശം മിനി ഗൾഫ് എന്നാണ് അറിയപ്പെട്ടിരുന്നത്. സരസ്വതി സ്കൂൾ സ്ഥിതി ചെയ്യുന്ന മണത്തല ദേശം ഇതിൽ നിന്നും വ്യത്യസ്തമാണ്. പരാധീനതകളുടെയും പരിമിതികളുടെയും ഇടം. കടലോര മേഖലയായതിനാൽ ഭൂരിഭാഗം ആളുകളും മത്സ്യബന്ധനത്തിൽ ഏർപ്പെട്ട ഉപജീവനം കഴിക്കുന്നവരാണ്. കടലാണ് അവർക്ക് എന്നും ആശ്രയം. തങ്ങളുടെ മക്കളെ പഠിപ്പിക്കണമെന്ന് ആഗ്രഹം ഉണ്ടെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടും മറ്റ് അസൗകര്യങ്ങളും അവരെ അതിൽ നിന്നും പിന്തിരിപ്പിച്ചു. എന്നാൽ ഈ സ്കൂൾ സ്ഥാപിതമായതോടെ അവർക്ക് അക്ഷര ലോകത്തേക്ക് ഒരു വാതിൽ തുറക്കപ്പെട്ടു

1902 ൽ മദ്രാസ് സ്റ്റേറ്റിൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിലാണ് സരസ്വതി എൽ പി സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. ചള്ളയിൽക്കാരുടെ സ്ഥലം ആയതുകൊണ്ട് ചള്ളലെ സ്കൂൾ എന്ന പേരിലായിരുന്നു പണ്ട് അറിയപ്പെട്ടിരുന്നത്. ആദ്യകാലങ്ങളിൽ ഒരൊറ്റ ഓല ഷെഡ്ഡിൽ അഞ്ചാം ക്ലാസ് വരെയാണ് സ്കൂൾ പ്രവർത്തിച്ചിരുന്നത്. ഗവൺമെന്റ് മാസത്തിൽ 50 രൂപ വെച്ച് ഗ്രാൻഡ് കൊടുത്തിരുന്നു. ഈ ഗ്രാൻഡ് ഉപയോഗിച്ചാണ് അധ്യാപകർക്ക് ശമ്പളം കൊടുത്തിരുന്നത്. അങ്ങനെയിരിക്കെ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിലുള്ള എല്ലാ സ്കൂളുകളും എടുത്തു കളയുമെന്നും പ്രാപ്തിയുള്ള മാനേജ്മെന്റിന് ഏറ്റെടുത്ത് നടത്താമെന്നും നിയമമായി. അപ്പോൾ മേലെപ്പുര സ്കൂളിൽ ജോലി ചെയ്തിരുന്ന ശങ്കരൻ മാസ്റ്റർ ഈ സ്കൂളിന്റെ ഹെഡ്മാസ്റ്ററും മാനേജരുമായി ചാർജെടുത്തു. പിന്നീട് 1947 ൽ സരസ്വതി എൽപി സ്കൂൾ എന്നറിയപ്പെട്ടു.
അന്ന് ധാരാളം വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിൽ പഠിച്ചിരുന്നു. 1965 ൽ ഈ സ്കൂൾ വടക്കംപാട്ട് ബാലൻ എന്ന വ്യക്തി അദ്ദേഹത്തിന്റെ മകന്റെ പേരിൽ വാങ്ങി. 1983 ൽ തൊട്ടടുത്ത ക്ഷേത്രത്തിൽ ഉത്സവത്തിന്റെ അന്ന് സ്കൂൾ കത്തി നശിച്ചു. വളരെയധികം രേഖകൾ അന്ന് കത്തിപ്പോയി. പിന്നീട് പൊന്നരാശേരി കുമാരന്റെ പേരിൽ സ്കൂൾ നടത്തുന്നു.

ആദ്യകാലത്ത് എല്ലാ ക്ലാസ്സുകളും രണ്ട് ഡിവിഷൻ വീതം ഉണ്ടായിരുന്നു. ധാരാളം കുട്ടികളും അധ്യാപകരും ഇവിടെയുണ്ടായിരുന്നു. ഇവിടെയുള്ള അഡ്മിഷൻ രജിസ്റ്റർ പ്രകാരം ലോകപ്രശസ്ത ശാസ്ത്രജ്ഞൻ ഡോക്ടർ അഹമ്മദുണ്ണി തെരുവത്ത് ഈ വിദ്യാലയത്തിന്റെ വിദ്യാർത്ഥിയാണ്. അർബുദ ചികിത്സാരംഗത്ത് നൂതന കണ്ടുപിടിത്തങ്ങളും മറ്റ് അന്താരാഷ്ട്ര അംഗീകാരവും പിടിച്ചുപറ്റിയ പ്രതിഭാശാലിയായ വൈദ്യശാസ്ത്രജ്ഞൻ ആയിരുന്നു അദ്ദേഹം. ഇവിടെ പഠിച്ച വിദ്യാർഥികളിൽ പലരും എൻജിനീയർമാർ, ഡോക്ടർമാർ, പ്രൊഫസർ, വക്കീൽ, എഡിറ്റർ, റേഡിയോസ്റ്റാർ, അധ്യാപകർ എന്നീ നിലകളിൽ പ്രശസ്തരായിട്ടുണ്ട്.

ഇപ്പോൾ സ്കൂളിൽ ചോറും രണ്ടുതരം കറികളും ആഴ്ചയിൽ രണ്ടുദിവസം പാലും മുട്ട എന്നിവയും കൊടുക്കുന്നുണ്ട്. ഇവിടെ പഠിക്കുന്ന ഭൂരിഭാഗം കുട്ടികളും മുക്കുവരും, എസ്.സി കുട്ടികളും ആയിരുന്നു. കടലോര പ്രദേശമായതിനാൽ മത്സ്യബന്ധനമാണ് രക്ഷിതാക്കളുടെ പ്രധാന തൊഴിൽ. സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് ഈ സ്കൂളിൽ ഉള്ളത്. ഓരോ വർഷവും സ്കൂളിന്റെയും വിദ്യാർത്ഥികളുടെയും ഉന്നമനത്തിനുവേണ്ടി അധ്യാപകർ കഠിനമായി പ്രവർത്തിക്കുന്നു. എല്ലാ മതവിഭാഗത്തിൽപ്പെട്ട അധ്യാപകരും ഇവിടെ സേവനമനുഷ്ഠിക്കുന്നു. സുലോചന ടീച്ചർ, ചന്ദ്രമതി ടീച്ചർ, വള്ളിയമ്മ ടീച്ചർ, അമ്പു മാസ്റ്റർ, റീത്ത കുമാരി ടീച്ചർ, ഗീത ടീച്ചർ, അനിത ടീച്ചർ തുടങ്ങിയവർ ആദ്യകാലങ്ങളിൽ അധ്യാപകരായിരുന്നു.

കഴിഞ്ഞ കുറെ വർഷങ്ങളായി രണ്ടു വീതം ഡിവിഷനുകളായി പ്രവർത്തിച്ചിരുന്ന ക്ലാസുകൾ ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ അതിപ്രസരം കൊണ്ടും അടുത്തടുത്ത് കൂടുതൽ സ്കൂളുകൾ രൂപപ്പെട്ടതുകൊണ്ടും ഓരോ ഡിവിഷനായി കുറയുകയും ഇപ്പോൾ ഒന്നു മുതൽ നാലു വരെ ഓരോ തസ്തികയും ഒരു അറബിക് തസ്തികയും ഉണ്ട്. പ്രീ പ്രൈമറി ക്ലാസുകളും പ്രവർത്തിച്ചുവരുന്നു.

2013-14 അധ്യയന വർഷത്തിൽ മാനേജ്മെന്റ് കൈമാറ്റം ചെയ്തു. പി കെ ശശിധരൻ അവർകളായി മാനേജർ. അദ്ദേഹം സ്കൂൾ കെട്ടിടം വളരെ ബലം ഉള്ളതും കെട്ടുറപ്പുള്ളതും ആക്കി പണികഴിപ്പിച്ചു. ചുറ്റുമതിൽ നിർമിച്ച് ഓഫീസറും

കമ്പ്യൂട്ടറും എന്നിവ കുറ്റമറ്റ രീതിയിൽ സജ്ജീകരിച്ചു. 2014 15 അധ്യായന വർഷം സരസ്വതി സ്കൂളിന്റെ ഉയർച്ചയിൽ അധ്യാപകരും കുട്ടികളും രക്ഷിതാക്കളും നാട്ടുകാരും സ്കൂൾ മാനേജരോട് വളരെയധികം കടപ്പെട്ടിരിക്കുന്നു. ഈ വിദ്യാലയം ഇനിയും ഉയരങ്ങളിൽ എത്താൻ ഞങ്ങൾ അധ്യാപകർ രക്ഷിതാക്കൾ പൂർവവിദ്യാർത്ഥികൾ കുട്ടികൾ എന്നിവരുടെ നല്ല രീതിയിലുള്ള പ്രവർത്തനങ്ങൾ തീർച്ചയായും ഉണ്ടാകും.

ഈ അധ്യയന വർഷത്തിൽ ഒരു പോസ്റ്റ് ഭിന്നശേഷിക്കായി മാറ്റിവെച്ചത് കൊണ്ടും പ്രസ്തുത പോസ്റ്റിൽ ഭിന്നശേഷി ഉദ്യോഗാർത്ഥി ജോയിന്റ് ചെയ്യാത്തതു കൊണ്ടും 4 അധ്യാപകരും കുട്ടികളും ഈ വിദ്യാലയത്തിൽ ഉണ്ട്. വിദ്യാലയത്തിൽ പിടിഎ, എം.പി.ടി.എ, ഒ,എസ്,എ എസ്.എസ്.ജി എസ്.ആർ.ജി തുടങ്ങിയ കമ്മിറ്റികൾ കൂടുന്നു. ദിനാചരണങ്ങൾ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ, മൂല്യനിർണ്ണയ പരീക്ഷകൾ, മത്സര പരീക്ഷകൾ എന്നിവ നടത്തുന്നു. ഗണിതശാസ്ത്ര പ്രവർത്തിപരിചയ മേള, കായികമേള, കലോത്സവം, അറബി കലോത്സവം തുടങ്ങിയ മത്സരയിനങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു. ശുചീകരണത്തിൽ പ്രത്യേക ശ്രദ്ധ കൊടുത്തും ബി.ആർ.സി പ്രവർത്തനങ്ങൾ ചെയ്തും മുന്നോട്ടുപോകുന്നു.

## സ്കൂൾ പ്രവർത്തി സമയം

കേരള സർക്കാർ അധ്യായന കലണ്ടർ അനുസരിച്ച് എല്ലാദിവസവും രാവിലെ മുതൽ വൈകിട്ട് 4 വരെ സ്കൂൾ തുറന്നു പ്രവർത്തിക്കുന്നു. ഈ വർഷം മുതൽ ചില ശനിയാഴ്ചകളിലും പ്രവർത്തി ദിനമായതിനാൽ അവധിയുള്ള ചില ശനിയാഴ്ചക ഉപജില്ല മേളകളുടെയും കലോത്സവങ്ങളുടെയും ഭാഗമായി വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകാറുണ്ട്. കൂടാതെ LSS പരിശീലനവും നൽകുന്നു ഈ വർഷം മൂന്നാം ക്ലാസ്സ് വിദ്യാർത്ഥികൾ നേരിടുന്ന സീസ് പരീക്ഷയ്ക്കുള്ള തയ്യാറെടുപ്പുകളും നടത്തിവരുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ -Short Term – Malayalam

| Sl.NO | Programme | Activity | Duration | Physical | Support |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | 1. Pre test<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കുക<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ പറയൽ<br>10. ചിത്രം കഥ എഴുതൽ<br>11. കഥ ബാക്കിയെഴുതൽ<br>12. കഥാപുസ്തകം നൽകൽ<br>13. ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | 2 Months<br>Aug-Sept<br>C.D | പുസ്തകം | BRC<br>DIET<br>SCERT<br>P.T.A<br>BRC<br>IED<br>TRAINER<br>PTA |

| Sl.No | Programme | Activity | Duration | Physcial | Support |
| --- | --- | --- | --- | --- | --- |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക. (വായനക്കൂട്ടം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. സമീപ ഗ്രന്ഥശാല സന്ദർശനം<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്രവായന<br>7. അമ്മവായന<br>8. പുസ്തക ചർച്ച<br>9. വായനക്കുറിപ്പ് പതിപ്പ്<br>10. വായനാനുഭവം പങ്കുവെക്കൽ<br>11. വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം ക്ലാസ് സഭ<br>12. ദിനാചരണങ്ങൾ<br>13. സ്കൂൾസഭ,<br>14. വായന സാമഗ്രികൾ വികസിപ്പിക്കൽ | 6 Months | ക്ലാസ്സ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>വായന മുറി | BRC<br>DIET<br>SERT<br>ഗ്രന്ഥശാല<br>PTA<br>BRC |

* അടയാളങ്ങൾ ഉറപ്പിക്കൽ

ചിത്ര സഹായത്താൽ അടയാളങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ

* അക്ഷരകാർഡ് വാക്കുകൾ എഴുതിയ കാർഡ്

അക്ഷര കാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

* ചിത്രം - അടിക്കുറിപ്പ്

ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ, അധ്യാപികയുടെ സഹായത്തോടെ എഴുതൽ

* കഥ - ബാക്കിപറയൽ - എഴുതൽ

ഒരു കഥയുടെ കുറച്ചുഭാഗം നൽകുക, ബാക്കി പറയിപ്പിക്കുന്നു എഴുതിക്കുന്നു

* കഥാ പുസ്തകം നൽകൽ

വായന, കുറിപ്പ് തയ്യാറാക്കൽ

* CD പ്രദർശനം

ചിത്രങ്ങൾ അടങ്ങിയ CD പ്രദർശിപ്പിക്കുന്നു, ഓരോ ചിത്രത്തെയും കുറിച്ച് പറയാൻ അവസരം - എഴുതാൻ അവസരം

* ഭിന്നശേഷിക്കാരെ പരിഗണിക്കൽ

ഭിന്നശേഷിക്കാർക്ക് പ്രത്യേക പ്രവർത്തന പാക്കേജ് IED അധ്യാപകരുടെ സേവനം

* ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ

ക്ലാസിലെ മുഴുവൻ കുട്ടികളെയും അഞ്ചുപേർ അടങ്ങുന്ന ഗ്രൂപ്പ് ആക്കുന്നു, എത്ര പുസ്തകം വായിക്കാം വായനക്കുറിപ്പ് പുസ്തകം എങ്ങനെ തിരഞ്ഞെടുക്കാം ( പാഠഭാഗവുമായി ബന്ധപ്പെട്ടവ) ചർച്ച ചെയ്യു് വായനക്കുറിപ്പ് അസംബ്ലിയിൽ അവതരിപ്പിക്കാനുള്ള അവസരം

* ക്ലാസ് ലൈബ്രറി രൂപീകരിക്കൽ

അധ്യാപകരുടെ സഹായത്തോടെ വായനക്ക് സഹായകരമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം

* സ്കൂൾ ലൈബ്രറി നവീകരണം

പുസ്തക വിതരണ രജിസ്റ്റർ, ബർത്ത് ഡേ പുസ്തക ശേഖരണം

* സമീപ ഗ്രന്ഥശാല പരിചയം

ഗ്രന്ഥശാല വിസിറ്റ്, പുസ്തക വിതരണം, വായന പ്രോത്സാഹനം, എന്റെ പുസ്തകം പ്രകാശനം

* വായനോത്സവം സംഘടിപ്പിക്കൽ

വായിച്ച പുസ്തകങ്ങളെയും എഴുത്തുകാരെയും കുറിച്ച് അവതരിപ്പിക്കൽ

* പത്രവായന

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ, പത്രക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ, അസംബ്ലിയിൽ വാർത്ത വായന

* അമ്മവായന

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാനുള്ള അവസരം - വായനമുറി - വായനക്കുറിപ്പ് തയ്യാറാക്കൽ, മികച്ച കുറിപ്പ് കണ്ടെത്തൽ, പ്രോത്സാഹനം, ശില്പശാല

*കാവ്യ കൂട്ടം

കുട്ടികളുടെ കവിതകൾ, അധ്യാപകരുടെ കവിതകൾ, രക്ഷിതാക്കളുടെ കവിതകൾ, സമൂഹത്ത വ്യക്തികൾ, പ്രാദേശിക സാഹിത്യകാരൻ, കവികൾ മുതലായവരെ സംഘടിപ്പിച്ച് കാവ്യ കൂ സംഘടിപ്പിക്കുന്നു. (BRC യുടെ സഹായത്തോടെ)

*എഴുത്തുകൂട്ട രൂപീകരണം

കുട്ടികളെ അഞ്ചുവീതം എഴുത്തുകൂട്ടങ്ങളാക്കുന്നു. സംഘ രചന സംഘടിപ്പിക്കുന്നു. എഴുത്ത് എ സാഹിത്യ വിഭാഗത്തിൽ,മോണിറ്ററിംഗ് എന്നിവ ചർച്ച ചെയ്യുന്നു.

*സഞ്ചരിക്കുന്ന ആസ്വാദക കുറിപ്പ് പുസ്തകം

ഓരോ ദിവസവും ഓരോ കുട്ടി എഴുതണം.വീട്ടിലുള്ള ആരെങ്കിലും ഒരാൾപുസ്തകത്തെ കുറിച്ച് അഭിപ്രായം രേഖപ്പെടുത്തണം.കൈമാറി കൈമാറി എല്ലാവരുടെയും രചനകൾ ആകുമ്പോ അധ്യാപകരുടെ ആസ്വാദനക്കുറിപ്പും വിലയിരുത്തൽ കുറിപ്പും വീണ്ടും പ്രയാണം.

*വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ

മലയാള സാഹിത്യത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ .വിവിധ ശാ തലക്കെട്ടോടെലൈബ്രറി പുസ്തകം ലിസ്റ്റ് ചെയ്യൽ ,വിവിധ മേഖലയിലുള്ള സൃഷ്ടി പരിചയപ്പെടൽ,വിവിധ മേഖലയിൽ സാഹിത്യസൃഷ്ടി നടത്തൽ,വിവിധ സാഹിത്യ മേഖ വ്യക്തികളുടെ അഭിമുഖം, സംവാദം എന്നിവ സംഘടിപ്പിക്കൽ.

*ഇൻലന്റ് മാഗസിൻ, ചുമർപത്രിക , പതിപ്പ്

സർഗ്ഗശേഷി പരിപോഷിപ്പിക്കൽ ,ക്ലാസ്സ് തലത്തിൽ ഇൻലന്റ് മാഗസിൻ , ചുമർ പത്രിക, തയ്യാറാക്കൽ .

*പൊതുവേദിയിലെ പ്രകടനങ്ങൾ

കുട്ടികളിലെ ഭയം , സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി,
സർഗ്ഗവേള, ബാലസഭ ക്ലാസ് സഭ , എന്നിവ സംഘടിപ്പിക്കുന്നു
അവസരം നൽകുന്ന സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാനവസരം. യോഗങ്ങൾ സംഘടി

*വ്യക്തിഗത രചന, സംഘ രചന

കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചന മത്സരങ്ങൾ സംഘടിപ്പിക്കുന്നു വിലയിരുത്തൽ ,പുസ്തകം തയ്യാറാക്കൽ

*ഭാഷാ പ്രൊജക്ടുകൾ

ഭാഷയെ കൂടുതൽ മനസ്സിലാക്കുവാനും ആഴത്തിലുള്ള വായനക്കുമായി ഭാഷയുടെ വിവിധ പ്രോജക്ടുകൾ ചെയ്യുന്ന പാഠപുസ്തകവുമായി ബന്ധപ്പെട്ടത്.

# പ്രൊജക്ട്സ് - അക്കാദമികം

## ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | 1. ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ | *അടിസ്ഥാന ആശയങ്ങൾ ജൂൺ ലിസ്റ്റ് ചെയ്യുന്നു<br>*ചോദ്യാവലി ഉണ്ടാക്കുന്നു<br>*പ്രീ-ടെസ്റ്റ്<br>*മൂല്യനിർണയം<br>*റിസൾട്ട് രേഖപ്പെടുത്തുന്നു<br>*റിപ്പോർട്ട് തയ്യാറാക്കുന്നു<br>* എസ്.ആർ.ജിയിൽ അവതരണം<br>*സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ,കുട്ടികൾ മുൻ ക്ലാസുകളിൽ ,നേടേണ്ട ശേഷികൾ കണക്കിലെടുത്തുകൊണ്ട് പരിഹരിക്കാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ, വ്യക്തിഗതമായും ഗ്രൂപ്പായും നൽകുന്നു.<br>*വർക്ക് ഷീറ്റുകൾ നൽകുന്നു | | S.R.G കൺവീനർ<br>ക്ലാസ് ടീച്ചർ | വർക്ക് ഷീറ്റ്<br>ക്ലാസ് റൂം |
| 2 | ലിറ്റിൽ മാസ്റ്റർ | ഗണിതശാസ്ത്രത്തിൽ മികച്ച അഞ്ച് കുട്ടികളെ കണ്ടെത്തി അവരെ വർഷാവസാനം ലിറ്റിൽ മാസ്റ്റർ ഓഫ് മാത്സ് ആയി തെരഞ്ഞെടുക്കുന്നു. വാർഷിക പരിപാടിയിൽ വച്ച് സമ്മാനം നൽകി ആദരിക്കുന്നു,പൊന്നാട അണിയിക്കുന്നു | മാർച്ച് | S.R.G കൺവീനർ | ചായ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1 മുതൽ 4 വരെ ക്ലാസുകളിലെ ഗണിതപഠന പ്രവർത്തനങ്ങൾ ലഘൂകരിക്കാനും പഠന നേട്ടം ഉറപ്പാക്കുന്നതിനും വേണ്ടി. | <u>മെട്രിക് അളവുകൾ</u><br>1 മുതൽ 4 വരെ ക്ലാസ്സുകളിലെ ഗണിത പഠനവുമായി ബന്ധപ്പെട്ട് സ്കൂൾ ചുമരുകളിൽ മെട്രിക് അളവുകൾ വരയ്ക്കുന്നതിന് | ഒക്ടോബർ | HM ഗണിത അധ്യാപിക SRG കൺവീനർ | 25000<br>സ്പോൺസേഴ്സ് സന്നദ്ധ സംഘടനകൾ PTA |
| | ഓരോ ക്ലാസുകളിലേക്കും ഗണിതകിറ്റുകൾ .<br>ഓരോ ക്ലാസുകളിലേക്കും വിദ്യാർഥികൾക്ക് ചതുഷ്കട്ടയകൾ ഉറപ്പാക്കുന്നതിനുള്ള ഗണിത കിറ്റുകൾ . | ജൂൺ മുതൽ | ഓൾ ടീച്ചേഴ്സ് SSA | 5000 |
| | <u>ഒറിഗാമി</u><br>ഗണിത പഠനവുമായി ബന്ധപ്പെട്ട് വിവിധരൂപങ്ങൾ ഉണ്ടാക്കുന്നതിന് എഫോർ ഷീറ്റ്, കളർചാർട്ട്, പശ, കത്രിക എന്നിവയ്ക്ക് | നവംബർ ഡിസംബർ | HM ഗണിത അധ്യാപിക | SSA 1000 |
| | <u>ടാൻഗ്രാം നിർമ്മാണം</u><br>3, 4 ക്ലാസുകളിലെ പഠനവുമായി ബന്ധപ്പെട്ട് വിവിധ രൂപങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ ചാർട്ടുകൾ എന്നിവ വാങ്ങുന്നതിന് കളർ പേപ്പറുകൾ ഫ്ലൂറസെൻറ് പേപ്പറുകൾ | ഒക്ടോബർ മുതൽ | ഗണിത അധ്യാപിക, SRG കൺവീനർ HM | SSA |
| ഗണിത പഠനം ലഘൂകരിക്കാൻ | ഗണിത പഠനം ലഘൂകരിക്കാനും അനുഭവങ്ങളിലൂടെ ഗണിത വസ്തുക്കൾ തിരിച്ചറിയുന്നതിനും ത്രാസ്, മീറ്റർ, സ്കെയിൽ, അളവ് പാത്രങ്ങൾ വാങ്ങുന്നതിന് ഗണിത ലാബ് രൂപീകരിക്കുന്നതിന്, (കാർബോർഡ്, തെർമോക്കോൾ) | സെപ്റ്റംബർ മുതൽ | ഓൾ ടീച്ചേഴ്സ് | PTA OSA SSA 15000 |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഫലപ്രദമായി ഇംഗ്ലീഷ് ഭാഷ വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | പഠനനില കണ്ടെത്തൽ. പ്രീ ടെസ്റ്റ് നടത്തി വിശകലനം ചെയ്തു മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂലൈ ആദ്യവാരം മുതൽ | ഇംഗ്ലീഷ് ടീച്ചർ SRG | 500 രൂപ PTA |
| ഇംഗ്ലീഷ് അസംബ്ലി | എല്ലാ ബുധനാഴ്ചയും ഇംഗ്ലീഷ് ഡേ ആചരിക്കുന്നു. ഓരോ ആഴ്ചയിലും ഓരോ ക്ലാസുകാർ ഇംഗ്ലീഷ് അസംബ്ലി അവതരിപ്പിക്കുന്നു. | | ഓൾ ടീച്ചേഴ്സ് | |
| പി എ എസ് | ന്യൂസ് റീഡിങ്<br>പാസ്സേജ് റീഡിങ്<br>സെൽഫ് ഇൻട്രൊഡക്ഷൻ<br>ഡെവലപ്പിങ് വൊക്കാബുലറി | | | |
| കമ്മ്യൂണിക്കേഷൻ സ്കിൽ വർദ്ധിപ്പിക്കുക | ചുമതലയുള്ള അധ്യാപിക അസംബ്ലിയിൽ ഒരു ഇംഗ്ലീഷ് വാക്ക് പറയുന്നു. അതിൽ ഓരോ ലെറ്റേഴ്സ് വെച്ചും പാഠഭാഗങ്ങളിൽ പഠിച്ച വാക്കുകൾ എഴുതി വരുന്നു. കുട്ടികളെ സ്റ്റാർ കൊടുത്ത് പ്രോത്സാഹിപ്പിക്കുന്നു. ബുധനാഴ്ച എല്ലാ ക്ലാസുകളിലും ടീച്ചർമാരും വിദ്യാർത്ഥികളും ഇംഗ്ലീഷിൽ സംസാരിക്കുക. | ജൂലൈ മുതൽ | ഇംഗ്ലീഷ് ടീച്ചർ എസ് ആർ ജി | പിടിഎ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കിൽ ഡെവലപ്മെന്റ് ഇൻ ഇംഗ്ലീഷ് | പ്രാക്ടീസിങ് ഡിഫറെന്റ് ഗെയിം പസിൽസ്, റൈഡിൽസ്, ഡിസ്ക്രിപ്ഷൻ ഓഫ് പിക്ചേഴ്സ് സ്റ്റോറി & ടെല്ലിംഗ് എഡ്യോർ ലൈൻസ് | ജൂൺ മുതൽ | എസ് ആർ ജി എച്ച് എം ഓൾ ടീച്ചേഴ്സ് | എസ് എസ് എ |
| | ഓരോ അധ്യാപകരും അവരുടെ ക്ലാസ് റൂം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നൽകുന്നു, വിലയിരുത്തുന്നു, ഇംഗ്ലീഷ് മാഗസിനുകൾ പതിപ്പുകൾ | ഒക്ടോബർ, മാർച്ച് | ഇംഗ്ലീഷ് ടീച്ചർ | 500 രൂപ |
| | ഇംഗ്ലീഷ് ക്ലാസ്, ലൈബ്രറി, ലഘു വായന സാമഗ്രികൾ | സെപ്റ്റംബർ മുതൽ | ഇംഗ്ലീഷ് ടീച്ചർ പിടിഎ പ്രഥമ അധ്യാപകൻ ഇംഗ്ലീഷ് അധ്യാപകൻ | ഒ എസ് എ പിടിഎ 2000 രൂപ |
| | ഇംഗ്ലീഷ് ഫെസ്റ്റ് കുട്ടികളുടെ രചനകൾ, ഡ്രോയിങ്, സ്റ്റോറി ടെല്ലിങ്, സ്കിറ്റ്, റോൾപ്ലേ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുക. | കാലാവധി ഓഗസ്റ്റ്, ഡിസംബർ, ഫെബ്രുവരി | ഓൾ ടീച്ചേഴ്സ് പി ടി എ എം പി ടി എ വാർഡ് കൗൺസിലർ | പിടിഎ ഒ എസ് എ 50 രൂപ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| *ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിലെ പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിന്, പഠനനേട്ടം ഉറപ്പിക്കുന്നതിന്, എല്ലാ ക്ലാസിലും ശാസ്ത്ര മൂല ഉറപ്പിക്കൽ | *ഒന്നു മുതൽ നാലു വരെ പഠനത്തിന് സഹായകമായ ശാസ്ത്ര മൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ | ഒക്ടോബർ ആദ്യവാരം | ക്ലാസ് ടീച്ചർ അധ്യാപക കൂട്ടായ്മ | DTP 4600 |
| | *തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ വാങ്ങേണ്ടവ നിർമ്മിക്കേണ്ടവ ക്ലാസിൽ സൂക്ഷിക്കേണ്ടവ ലേബൽ സൂക്ഷിക്കേണ്ടവ എന്ന് തരംതിരിക്കൽ | ജൂലൈ 20 ന മുൻപ് | ക്രോഡീകരണ ചുമതല അധ്യാപക എസ് ആർ ജി | 4000 |
| | *സാമഗ്രികൾ വാങ്ങൽ | ഒക്ടോബർ | HM SRG | മുനിസിപ്പാലിറ്റി, അധ്യാപകർ |
| | *പിടിഎ യോഗത്തിൽ ശാസ്ത്ര സംബന്ധിച്ച അവതരണം സാമഗ്രികളുടെ ശേഖരണം | ഒക്ടോബർ അവസാനത്തിൽ | PTA HM ചുമതല പ്പെട്ട അധ്യാപകർ | |
| ദിനാചരണങ്ങൾ | ഓരോ ദിനാചരണങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള സി.ഡികൾ പ്രദർശിപ്പിക്കുന്നതിന് | ജൂൺ മുതൽ | എച്ച് എം ഓൾഡ് ടീച്ചേഴ്സ് എസ് ആർ ജി കൺവീനർ | സന്നദ്ധ സംഘടനകൾ |

| | | | | |
|---|---|---|---|---|
| | ലൈബ്രറി ശാക്തീകരണം,വായന പരിപോഷിപ്പിക്കുന്നതിന് ലൈബ്രറി പുസ്തകങ്ങൾ കഥകൾ കവിതകൾ നോവലുകൾ പാഠഭാഗവുമായി ബന്ധപ്പെട്ട റഫറൻസ് പുസ്തകങ്ങൾ വാങ്ങുന്നതിന് | ജൂൺ മുതൽ | OSA\ PTA MPTA ALL Teachers | |
| പഠനയാത്രകൾ | സ്കൂളിലെ പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട് സ്വഅനുഭവത്തിലൂടെ കാര്യങ്ങൾ ഗ്രഹിക്കാനും പഠിക്കാനും പഠനയാത്രകൾ അനിവാര്യമാണ്. | ജനുവരി | ALL Teachers & Students | PTA സന്നദ്ധ സംഘടനകൾ OSA 20000 |

ഉപമേഖല - ഹരിത പരിസരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സസ്യശാസ്ത്രവുമായി ബന്ധപ്പെട്ട് നിരീക്ഷണ പരീക്ഷണാവശ്യമായ പാഠ്യപദ്ധതി സൂചിപ്പിക്കുന്ന മുഴുവൻ സസ്യങ്ങളും സ്കൂൾ കോമ്പൗണ്ടിൽ | കുട്ടിവനം പദ്ധതി ഔഷധ ഉദ്യാനം ചെറിയ കുളം ജലജീവികൾ ജലസസ്യങ്ങൾ ജൈവവേലി വിഷരഹിത പച്ചക്കറി കൃഷി വീട്ടിലും വിദ്യാലയത്തിലും പ്ലാസ്റ്റിക് രഹിത വിദ്യാലയം | ജൂൺ മുതൽ | HM Staff PTA Students | കൃഷിഭവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ OSA PTA 50,000 |
| ജൈവവൈവിധ്യ പാർക്ക് രൂപീകരിക്കുന്നതിന് | സുന്ദര ശുചിത്വ പരിസരം പൂന്തോട്ടം ശലഭോദ്യാനം കുട്ടികളുടെ പാർക്ക് വിശ്രമ പഠന മരത്തണലുകൾ മത്സ്യം വളർത്താൻ അക്വേറിയം<br><br>പച്ചക്കറിത്തോട്ടം നിർമ്മാണം | | | |

**അക്കാദമിക പുരോഗതിക്ക് വേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങൾ:**

1. അസംബ്ലി
2. കുഞ്ഞു മലയാളം
3. ഇംഗ്ലീഷ് പഠനം
4. ഐ.ടി സാധ്യത
5. വായനയ്ക്ക് പ്രാധാന്യം
6. മേളകളിലെ പ്രാധിനിത്യം
7. ക്വിസ്
8. കളികളിലൂടെയുള്ള പഠനം
9. ഹലോ ഇംഗ്ലീഷ്
10. മലയാളത്തിളക്കം
11. ഗണിത വിജയം
12. ഉല്ലാസ ഗണിതം

**പാഠ്യ അനുബന്ധ പ്രവർത്തനങ്ങൾ**

1. ദിനാചരണങ്ങൾ
2. പത്രവായന
3. ഇംഗ്ലീഷ് അസംബ്ലി
4. പച്ചക്കറി തോട്ടം
5. പൂന്തോട്ടം വെച്ച് പിടിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം പൂർവ്വ വിദ്യാർത്ഥികളും പിടിഎയുമായി ഒന്നിച്ച് മാലിന്യ സംസ്കരണത്തിന് ആവശ്യമായ നടപടികൾ ഏറ്റെടുത്ത് നടത്തൽ | ജൂൺ മുതൽ | എച്ച് എം അധ്യാപകർ | OSA, PTA |
| | ക്ലാസ് പിടിഎ<br>മാതൃക പരമാക്കുന്നതിനുള്ള നടപടികൾ . എല്ലാ മാസവും സി പി ടി എ യോഗം . കൂടുതൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ ഉന്നതിയിൽ എത്തിക്കാൻ ആവശ്യമായ കൈപുസ്തകങ്ങൾ അച്ചടിക്കുന്നതിന് കോർണർ പി ടി എ സംഘടിപ്പിക്കുന്നതിന് . | ജൂൺ മുതൽ | എച്ച് എം അധ്യാപകർ | സന്നദ്ധ സംഘടനക |
| | *വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനു കൂടി പ്രയോജനപ്പെടുത്തൽ വിഭവങ്ങൾ ഉല്പാദിപ്പിക്കുന്നതിനും സമൂഹത്തിന് പ്രയോജനപ്പെടുന്നതിനുള്ള പ്രവർത്തനങ്ങൾ പിടിഎയുമായി സഹകരിച്ച് നടത്തൽ. | ജൂൺ മുതൽ | എച്ച് എം അധ്യാപകർ | പിടിഎ സന്നദ്ധ സംഘടനക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആനന്ദദായകവും ആകർഷണവുമായ ഭൗതിക സാഹചര്യങ്ങൾ | <u>അടുക്കള</u><br>ഭിത്തികൾ സിമൻറ് ഇട്ട് തേച്ച് ,പെയിൻറ് അടിച്ചത്. തറയിൽ ടൈൽ ഇടണം, കാറ്റും വെളിച്ചവും കടക്കുന്ന നല്ല സ്ഥലസൗകര്യമുള്ള അടുക്കള .മിക്സി ,ഫ്രിഡ്ജ്, കുക്കർ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഉള്ള , പൈപ്പ് കണക്ഷനോട് കൂടിയ അടുക്കള ഗ്ലാസ്സുകളും പ്ലേറ്റുകളും തിളപ്പിച്ച വെള്ളത്തിൽ കഴുകുന്നതിനുള്ള സംവിധാനം . ആധുനിക സൗകര്യമുള്ള സ്റ്റോറും | ജൂൺ മുതൽ | മാനേജർ<br>ടീച്ചേഴ്സ്<br>പിടിഎ | നാല് ലക്ഷം |
| | *ഊഞ്ഞാൽ , കിളികൾക്ക് ഒത്തുകൂടൊരുക്കൽ, ആമ്പൽ കുളം മുതലായവ ഒരുക്കുന്നതിന് . | ജൂൺ മുതൽ | അധ്യാപകർ<br>പിടിഎ | സന്നദ്ധ സംഘടനകൾ<br>ക്ലബ്ബുകൾ |
| | <u>കമ്പ്യൂട്ടർ റൂം</u><br>ടൈലിട്ട് മനോഹരമായ ഭിത്തിയോട് കൂടിയ കമ്പ്യൂട്ടർ റൂം. പത്ത് കമ്പ്യൂട്ടർ ആവശ്യമുണ്ട്. കമ്പ്യൂട്ടർ റൂം എസി ആക്കണം | ഒക്ടോബർ മുതൽ | അധ്യാപകർ<br>പിടിഎ | എംഎൽഎ ഫണ്ട്<br>എംപി ഫണ്ട് |
| സ്കൂൾ പരിസരം മാലിന്യ വിമുക്തമാക്കുന്നതിന് | *കുടിവെള്ളം തിളപ്പിച്ച് വയ്ക്കാനുള്ള സംവിധാനം വാട്ടർ പ്യൂരിഫയർ സംവിധാനങ്ങൾ,സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള അലമാരകൾ, കറണ്ട് കണക്ഷൻ , ഡൈനിങ് ഹാൾ ,പരിശീലനം സിദ്ധിച്ച പാചക തൊഴിലാളികൾ മേൽ കുപ്പായവും , തൊപ്പിയും ധരിച്ച പാചക തൊഴിലാളികൾ | ജൂൺ മുതൽ | എച്ച് എം<br>അധ്യാപകർ<br>പിടിഎ ഒ എസ് എ | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ<br>വിശ |
|---|---|---|---|---|
| | <u>മാലിന്യ സംസ്കരണം</u><br><br>ജൈവം അജൈവം എന്നിങ്ങനെ വേർതിരിച്ച് സംസ്കരിക്കുന്നതിനുള്ള ഉപകരണങ്ങൾ | ജൂൺ മുതൽ | പിടിഎ<br>അധ്യാപകർ | പിടി<br>ഒ എ |
| ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അധ്യാപകർക്കും പ്രത്യേക ശുചിമുറികൾ | <u>ടോയ്‌ലറ്റ്</u><br>ആധുനിക സൗകര്യങ്ങളോടുകൂടിയ ടോയ്‌ലറ്റ് യൂറിനൽസ് എന്നിവ | ജൂൺ മുതൽ | എച്ച് എം<br>അധ്യാപകർ | എം<br>ഫണ്ട്<br>എം |

*മേഖല - സാമൂഹികം ഉപമേഖല - പിടിഎ ശക്തിപ്പെടുത്തൽ*

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാ<br>വി |
|---|---|---|---|---|
| 1.സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ വികസനത്തിന് സമൂഹത്തിന് വൈവിധ്യമാർന്ന ഇടപെടലുകൾ നടത്താൻ കഴിയും.<br>2.പൊതുവിദ്യാലയ സംരക്ഷണത്തിന് സമൂഹത്തിന് വളരെ നിർണായകമായ പങ്കുണ്ട് | പിടിഎ ശക്തിപ്പെടുത്താൻ വർഷത്തിൽ നാലു പ്രാവശ്യമെങ്കിലും യോഗം ചേരണം. കൂടുതൽ കുട്ടികളുടെ വിവിധ കഴിവുകളും, ഉത്പന്നങ്ങളും സമൂഹത്തിൽ പ്രദർശിപ്പിക്കൽ . കുട്ടികളുടെ കഥാകവിത തുടങ്ങിയ സർഗാത്മക രചനകൾ മാസികകളാക്കി പ്രദർശിപ്പിക്കൽ . | ജൂൺ മുതൽ | എച്ച് എം<br>അധ്യാപകർ | SSA<br>PTA |

* <u>പുസ്തക ചർച്ച - വായനാനുഭവം പങ്കുവെക്കൽ.</u>

വിദ്യാർഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, സാഹിത്യകാരന്മാർ എന്നിവർക്ക് സ്വാഗതം, പാഠഭാഗവുമായി ബന്ധപ്പെട്ട് അധിക വായനക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുന്നു, കഥാപാത്രനിരൂപണം, സ്വാധീനം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ. മാസത്തിൽ ഒരു ദിവസം

* <u>വായന കുറിപ്പ്</u>

ഓരോ പുസ്തക വായനയുടെയും കുറിപ്പ് ശേഖരിക്കുന്നു, ആവശ്യമായ കൂട്ടിചേർത്തൽ നടത്തുന്നു, പതിപ്പ് പ്രകാശനം

* <u>വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം</u>

വായന, എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു, പാഠഭാഗവുമാ ബന്ധപ്പെട്ടവയും സ്വന്തം സൃഷ്ടികളും പരിചയപ്പെടാനുള്ള അവസരം, വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ

* <u>ക്ലാസ്സ്, സ്കൂൾ ബാലസഭകൾ</u>

ഓരോ ക്ലാസിലും സ്കൂളിലും ബാലസഭ രൂപീകരണം, സ്കൂളിൽ യോഗം സംഘടിപ്പിക്കൽ, സൃഷ്ടിക പരിചയം,പ്രകാശനം, അവതരണം വിദ്യാലയത്തിന് പുറത്തു ബാലസഭകൾ രൂപീകരിക്കൽ, പൊതുജന പങ്കാളിത്തം, സാഹിത്യകാരന്മാരുടെ സാന്നിധ്യം

* <u>ദിനാചരണങ്ങൾ</u>

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു

* <u>സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം</u>

സാഹിത്യവാസന മെച്ചപ്പെടുത്തൽ, കൃതികളെ ആഴത്തിലറിയൽ, പുസ്തക രചന തന്ത്രങ്ങൾഅറിയൽ,കഥകവിത രൂപീകരണം, മനസ്സിലാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളുടെ ആസൂത്രണം

* <u>ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും</u>

ക്ലാസ് മുറിയിൽ / സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത, വായന പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, മത്സരങ്ങൾ

* <u>വായന സാമഗ്രികൾ വികസിപ്പിക്കൽ</u>

കുട്ടികളുടെയും രക്ഷിതാക്കളുടെയും പ്രാദേശിക എഴുത്തുകാരുടെയും അധ്യാപകരുടെയും പങ്കാളിത്തമുള്ള രചന ശിൽപ്പിശാല സംഘടിപ്പിക്കൽ, രചനകൾ സ്പൈറൽ ബൈൻഡ് ചെയ്ത് ഉപയോഗിക്കൽ

* <u>വായനക്കൂട്ടം, എഴുത്തുകൂട്ടം മോണിറ്ററിംഗ്</u>

അധ്യാപകർ, രക്ഷിതാക്കൾ, പ്രാദേശിക സാഹിത്യകാരന്മാർ, BRC തുടങ്ങിയവരുടെ സേവന